# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1100

10.08.2017-ൽ മറുപടിക്ക്

## രജിസ്ട്രേഷൻ വകുപ്പിന്റെ നവീകരണം

**ചോദ്യം**

**ശ്രീ.ബി.ഡി. ദേവസ്സി**

എ) രജിസ്ട്രേഷൻ വകുപ്പിന്റെ നവീകരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വ്യക്തമാക്കാമോ;

**ഉത്തരം**

**ശ്രീ.ജി.സുധാകരൻ**
**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)**

എ) സംസ്ഥാനത്തെ 315 സബ് രജിസ്ട്രാർ ഓഫീസുകളേയും പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിച്ചതിലൂടെ രജിസ്ട്രേഷൻ പ്രക്രിയകൾ സുഗമമാക്കുന്നതിനും ജനങ്ങൾക്ക് കാലതാമസം കൂടാതെ സേവനങ്ങൾ ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുകയുണ്ടായി. ബാധ്യതാ സർട്ടിഫിക്കറ്റുകൾക്ക് ഓൺലൈനായി അപേക്ഷിക്കുന്നതോടൊപ്പം തന്നെ ഇ-പേയ്മെന്റ് സംവിധാനത്തിലൂടെ ഫീസ് ഒടുക്കുവാനും, തയ്യാറാക്കിയ ബാധ്യതാ സർട്ടിഫിക്കറ്റുകൾ ഓൺലൈനായിതന്നെ ലഭ്യമാക്കുന്നതിനുമുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ വിവിധ സബ് രജിസ്ട്രാർ ഓഫീസുകളിലെ 75,492 രജിസ്റ്റർ വാല്യങ്ങൾ ബൈൻഡ് ചെയ്ത് സൂക്ഷിക്കുകയുണ്ടായി. വ്യാജ മുദ്രപത്രങ്ങൾ തടയുന്നതിനായി വിവരസാങ്കേതിക വിദ്യയുടെ സഹായത്താൽ മുദ്രകൾ ഇലക്ട്രോണിക് രൂപത്തിൽ ലഭ്യമാക്കുന്നതിനുള്ള ഇ-സ്റ്റാമ്പിംഗ് സംവിധാനം നടപ്പിലാക്കുകയും, ആധാര രജിസ്ട്രേഷനുകൾക്ക് സമയക്രമം പാലിക്കുവാനായി വസ്തുവിവരങ്ങൾ ഓൺലൈനായി നൽകിക്കൊണ്ട് ടോക്കൺ എടുക്കുവാനും രജിസ്ട്രേഷൻ നടപടികൾക്കായി ഹാജരാകേണ്ട സ്ഥലവും സമയവും മുൻകൂട്ടി അറിയുവാനുമുള്ള സൗകര്യം ലഭ്യമാക്കുകയും ചെയ്തു. ഒരാധാരം സംബന്ധിച്ച അത്യാവശ്യ വിവരങ്ങൾ ഇന്റർനെറ്റിലൂടെ അറിയാനുള്ള സൗകര്യവും നിലവിലുണ്ട്.

| | | |
|---|---|---|
| ബി) | പ്രസ്തുത നടപടികൾ മൂലം നിലവിൽ ഈ വകുപ്പുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ചെയ്തുവരുന്ന സ്റ്റാമ്പ് വെണ്ടർമാർ, ആധാരം എഴുത്തുകാർ തുടങ്ങിയവർക്ക് എന്തെങ്കിലും തൊഴിൽ തടസ്സങ്ങൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) യും സി) യും തൊഴിൽ തടസ്സങ്ങൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി) | ഇതു സംബന്ധിച്ച ആശങ്കകളും ആക്ഷേപങ്ങളും പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | |

**സെക്ഷൻ ഓഫീസർ**